# <u>പുതിയ പാസ്‌പോര്ട്ട് നടപടികളെ കുറിച്ചുള്ള അറിയിപ്പ്</u>

ഡിസംബര് 23, 2016

പാസ്‌പോർട്ട് വിതരണത്തിലെ പ്രശ്നങ്ങളില് അയവു വരുത്തി, നടപടികള് എളുപ്പത്തിലും

സുസംഘടിതമാക്കുന്നതിനും വേണ്ടി കേന്ദ്ര വിദേശ കാര്യ മന്ത്രാലയം പാസ്‌പോർട്ട് നയവുമായി ബന്ധപ്പെട്ട

മേഖലയില് , നിരവധി നടപടികള് എടുത്തു , അത് പാസ്‌പോർട്ടിനു അപേക്ഷിക്കുന്ന ഇന്ത്യന് പൌരന്

പ്രയോജനകരം ആകുമെന്ന് പ്രതീക്ഷിക്കുന്നു . അത്തരം നടപടികള് വിശദമായി താഴെ ചേർക്കുന്നു:

ജനന തീയതി തെളിവ്

ആയിരത്തി തൊള്ളായിരത്തി എൺപതു മുതല് നിലവിലിരിക്കുന്ന പാസ്‌പോർട്ട് നിയമ ചട്ടത്തില് വ്യവസ്ഥ

ചെയ്യപ്പെട്ടിരിക്കുന്നത് അനുസരിച്ച് , 26/01/1989,ലോ അതിനു ശേഷമോ ജനിച്ച എല്ലാ അപേക്ഷകർക്കും ജനന

സർട്ടിഫിക്കറ്റ് നിർബന്ധമായും സമർപ്പിക്കണം എന്നുണ്ടായിരുന്നു . അത് ഇനി മുതല് പാസ്‌പോർട്ട്

അപേക്ഷകള് നൽകുന്ന അപേക്ഷകർക്കെല്ലാവർക്കും താഴെ പറയുന്ന തെളിവുകളില് ഏതെങ്കിലും ഒരെണ്ണം

ജനന തീയതി തെളിവായി നല്കിയാല് മതി എന്നു തീരുമാനിക്കപ്പെട്ടു .

(i) ജനന & മരണ രജിസ്ട്രാര് നൽകുന്ന ജനന സർട്ടിഫിക്കറ്റ് , അല്ലെങ്കില് മുനിസിപ്പല് കോർപ്പൊറേഷന്

അല്ലെങ്കില് ജനന & മരണ രജിസ്ട്രേഷന് ആക്ട്, 1969നു , കീഴില് ഇന്ത്യയില് ജനിച്ച ഒരു കുഞ്ഞിന്റെ ജനനം

രജിസ്റ്റര് ചെയ്യാന് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അഥോറിറ്റി നൽകുന്ന സർട്ടിഫിക്കറ്റ്

(ii)അപേക്ഷകന്റെ ജനന തീയതി ഉള്ള   ട്രാൻസഫര് /സ്കൂള് ലീവിംഗ്/ മാട്രിക്കുലേഷന് സർട്ടിഫിക്കറ്റ് /

അവസാനം പഠിച്ച സ്കൂളില് / അംഗീകാരം ഉള്ള എഡ്യൂക്കേഷണല് ബോർഡ് നൽകുന്നത്

(iii) ഇൻകം ടാക്സ് വകുപ്പ് നൽകുന്ന അപേക്ഷകന്റെ ജനന തീയതി ഉള്ള പാന് കാർഡ്

(iv) അപേക്ഷകന്റെ ജനന തീയതി ഉള്ള ആധാര് കാർഡ് /ഇ - ആധാര്

(v) അപേക്ഷകന്റെ ജനന തീയതി ഉള്ള , അപേക്ഷകന്റെ  സർവീസ് രേഖകള്
(ഗവൺമെന്റ് ഉദ്യോഗസ്ഥർക്കു വേണ്ടി മാത്രം  )  അല്ലെങ്കില് പേ പെൻഷന് ഓർഡര് ( റിട്ടയര് ചെയ്ത

ഗവൺമെന്റ് ഉദ്യോഗസ്ഥർക്കു വേണ്ടി) ,  അതതു മന്ത്രാലയം / വകുപ്പ് എന്നിവിടങ്ങളിലെ ഭരണ ചുമതല ഉള്ള

ഓഫീസര് /ഇന് ചാർജ് എന്നിവര് ഉചിതമായി അറ്റസ്റ്റ് ചെയ്ത/ സർട്ടിഫൈ ചെയ്തതിന്റെ പകർപ്പ്

(vi) അപേക്ഷകന്റെ ജനന തീയതി ഉള്ള , അതാത് സംസ്ഥാന ഗവൺമെന്റ് ട്രാൻസ്പോർട്ട് വകുപ്പ് നൽകുന്ന

ഡ്രൈവിംഗ് ലൈസൻസ്

(vii) അപേക്ഷകന്റെ ജനന തീയതി ഉള്ള , തെരഞ്ഞെടുപ്പ് കമ്മീഷന് നൽകുന്ന  ഫോട്ടോ ഉള്ള തെരഞ്ഞെടുപ്പ്

ഫോട്ടോ തിരിച്ചറിയല് കാർഡ്(EPIC)

(viii) പബ്ലിക് ലൈഫ് ഇൻഷൂറൻസ് കോർപ്പൊറേഷൻസ് / കമ്പനികള് എന്നിവ നൽകുന്ന ഇൻഷൂറൻസ്

പോളിസി ഉടമയുടെ ജനന തീയതി ഉള്ള  പോളിസി ബോണ്ടുകള്

മന്ത്രിതല സമിതികൾക്കിടയിലെ റിപ്പോർട്ട്

പാസ്പോർട്ട് അപേക്ഷകളുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളെ കുറിച്ച് പരിശോധിക്കുവാന് വേണ്ടി തയാറാക്കിയ

കേന്ദ്ര വിദേശകാര്യമന്ത്രാലയം , വനിതാ ശിശു വികസന മന്ത്രാലയം എന്നിവയിലെ ഉദ്യോഗസ്ഥര് ചേർന്നുള്ള

മൂന്നംഗ സമിതി ആണ് അപേക്ഷയില് മാതാവ്/ കുഞ്ഞ് എന്നതുമായി ചേർത്തു പിതാവിന്റെ പേര്

ചേര്ക്കേണ്ടതില്ലെന്ന് തീരുമാനിച്ചത് . അതേ പോലെ ഏക രക്ഷിതാവുള്ള കുഞ്ഞുങ്ങള് , ദത്തെടുത്ത കുഞ്ഞുങ്ങള്

എന്നിവരുടെ കാര്യത്തിലും ഇത് ബാധകമാണ് . മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് കേന്ദ്ര വിദേശകാര്യമന്ത്രാലയം

അംഗീകരിച്ചു .

ഈ സമിതിയുടെ നിർദേശങ്ങളെ അടിസ്ഥാനമാക്കി മറ്റ് പലതിനുമൊപ്പം ഉണ്ടായ നയ മാറ്റങ്ങള് താഴെ പറയുന്നു

:

(i) ഇനി മുതല് ഓണ് ലൈന് പാസ്പോർട്ട് അപേക്ഷയില് അപേക്ഷകര് ഒന്നുകില് അമ്മ, അല്ലെങ്കില് അച്ഛന്,

അല്ലെങ്കില് നിയമപ്രകാരമുള്ള രക്ഷിതാവ് , അതായത് രണ്ടാളും അല്ല ഏതെങ്കിലും ഒരാളുടെ പേര് . ഇത് ഏക

രക്ഷകർത്താവിന് അവരുടെ കുഞ്ഞിനു പാസ്പോർട്ട് അപേക്ഷിക്കുവാന് സഹായകമാകും , അതേ പോലെ

പാസ്പോർട്ട് നല്കുമ്പോള് അപേക്ഷകന്റെ അപേക്ഷ പ്രകാരം ഒന്നുകില് പിതാവ് അല്ലെങ്കില് മാതാവിന്റെ പേര്

ചേർക്കാതിരിക്കാം.

(ii) 1980ലെ പാസ്പോർട്ട് നിയമത്തിലെ ഇപ്പോഴുള്ള 15 അനുഛേദങ്ങൾ ഒമ്പത് ആക്കി ചുരുക്കിയിട്ടുണ്ട്.

അനുഛേദങ്ങള്‍ എ), ബി, സി ഡി ഇ , ജെ , കെ എന്നിവ നീക്കം ചെയ്യുകയും ചില അനുഛേദങ്ങള്‍

ഒരുമിച്ചാക്കുകയും ചെയ്തിട്ടുണ്ട്

(iii)അപേക്ഷകര്‍ കൊടുക്കേണ്ട ആവശ്യമുള്ള അനുബന്ധങ്ങള്‍ എല്ലാം ഇനി മുതല്‍ സ്വന്തം സത്യവാങ് മൂലം ഒരു

വെള്ള കടലാസില്‍ എഴുത്തിക്കൊടുത്താല്‍ മതിയാകും .നോട്ടറിക്ക് മുന്നില്‍ / എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് / ഒന്നാം

ക്ലാസ് ജുഡീഷ്യല്‍ മജിസ്ട്രേറ്റ് തുടങ്ങിയവർക്ക് മുന്നില്‍ അറ്റസ്റ്റ് ചെയ്യല്‍/ സത്യവാങ് മൂലം എന്നിവ ഇനി

ആവ്ശ്യമില്ല

(iv) വിവാഹിതരായ അപേക്ഷകർക്ക് 'അനക്സര്‍ കെ' അല്ലെങ്കില്‍ വിവാഹ സർട്ടിഫിക്കറ്റ് കാണിക്കേണ്ടതില്ല

വിവാഹമോചന ഉടമ്പടിയുടെ പകർപ്പും ഹാജരാക്കേണ്ട. പങ്കാളിയുടെ പേര്‍ പാസ്പോർട്ടിൽ ചേർക്കുന്നതിന്

വിവാഹ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കണമെന്ന വ്യവസ്ഥ റദ്ദാക്കി.

(v) വിവാഹമോചിതരോ, വേർപിരിഞ്ഞു താമസിക്കുന്നവരോ ആയവർ പാസ്പോർട്ട് അപേക്ഷയിൽ പങ്കാളിയുടെ

പേര്‍ ഉൾപ്പെടുത്തേണ്ടതില്ല. അത്തരം പാസ്പോർട്ട് അപേക്ഷകര്‍ വിവാഹമോചന ഉടമ്പടിയുടെ പകർപ്പും

ഹാജരാക്കേണ്ടതില്ല.

(vi) അനാഥരായ കുട്ടികൾക്ക് ജനന തീയതി തെളിയിക്കുന്ന ജനന സർട്ടിഫിക്കറ്റ് അല്ലെങ്കില്‍ മട്രിക്കുലേഷന്

സർട്ടിഫിക്കറ്റ് അല്ലെങ്കില്‍ അത് സ്പഷ്ടമാക്കുന്ന കോടതി ഉത്തരവോ ഇല്ലെങ്കില്‍ ഇനി മുതല്‍ , അനാഥശാല/

/ചൈൽഡ് കെയര് ഹോം മേലധികാരി അതതു സ്ഥാപനത്തിന്റെ ഔദ്യോഗിക ലെറ്റര് ഹെഡില് അപേക്ഷകന്റെ

ജനന തീയതി ഉറപ്പായി നല്കിയാല് മതി

(vii) വിവാഹേതര ബന്ധത്തിൽ പിറന്ന കുട്ടിയുടെ പാസ്പോർട്ട് അപേക്ഷയ്ക്കൊപ്പം അതുസംബന്ധിച്ച കൂടുതൽ

വിവരങ്ങൾ പ്രതിപാദിക്കുന്ന 'അനക്സർ ജി' ഫോറം കൂടി പൂരിപ്പിച്ച് നൽകണം -

(viii) രാജ്യത്തിനുള്ളില് നിന്നും ദത്തെടുക്കപ്പെട്ട കുട്ടികളുടെ പാസ്പോർട്ട് അപേക്ഷയില് ദത്തെടുക്കല്

രജിസ്ട്രേഷന് ഉടമ്പടി കാണിക്കേണ്ടതില്ല . അത്തരം ഉടമ്പടികള് ഇല്ലെങ്കില് ദത്തെടുക്കല് ഉറപ്പ് വരുത്തുന്ന

പ്രസ്താവന പാസ്പോർട് അപേക്ഷകന് ഒരു വെള്ളകടലാസില് എഴുതി നൽകിയാല് മതിയാകും

(ix) ഗവ. ഉദ്യോഗസ്ഥർക്ക് അവരുടെ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് തിരിച്ചറിയല് സർട്ടിഫിക്കറ്റ് (അനക്സര് -ബി )/

എൻ.ഒ.സി (അനക്സര് -എം) ലഭിക്കാൻ കാലതാമസം ഉണ്ടാവുകയാണെങ്കിൽ, പാസ്പോർട്ട് വളരെ

അടിയന്തിരമായി ആവ്ശ്യമായി വരികയാണെങ്കില് അവർക്ക് പാസ്പോർട്ട് ലഭിക്കുവാന് പാസ്പോർട് ഇഷ്യൂ

അതോറിറ്റിക്ക് ഒരു സാധാരണ പാസ്പോർട്ടിനു അയാള് / അവര്, അപേക്ഷ നല്കിയ വിവരം നേരത്തെ തന്നെ

അയാളുടെ / അവരുടെ മേലധികാരിക്ക് അയാള് / അവര് അറിയിച്ചിരുന്നു എന്ന വിവരം അനക്സര് -'എന് ' ല്

സ്വന്തം സത്യവാങ്മൂലം നൽകിയാൽ മതി.

(x) പാസ്പോർട്ടിൽ മാതാപിതാക്കളുടെ സ്ഥാനത്ത് ഗുരുവിന്റെ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന സന്യാസിമാർക്കും സ്വാമിമാർക്കും അതിന് അനുവദിക്കും. അതിനായി മാതാപിതാക്കളുടെ സ്ഥാനത്ത് ഗുരുവിന്റെ

പേര് ചേർത്ത ഏതെങ്കിലും ഒരു  തിരിച്ചറിയൽ രേഖ  ഹാജരാക്കണം. - തെരഞ്ഞെടുപ്പ് കമ്മീഷന് നൽകുന്ന  ഫോട്ടോ ഉള്ള തെരഞ്ഞെടുപ്പ് ഫോട്ടോ തിരിച്ചറിയല് കാർഡ്(EPIC) , പാന് കാർഡ്, ആധാര് കാർഡ് എന്നിവയില് ഏതെങ്കിലും .

ഈ മാറ്റങ്ങള് ഉടന് പ്രാബല്യത്തില് വരുന്നതിന് അത്യാവശ്യമായ അറിയിപ്പുകള് ഔദ്യോഗിക ഗസറ്റ് വഴി പ്രസിദ്ധീകരിക്കും . പുതുക്കിയ വ്യവസ്ഥകളെക്കുറിച്ചുള്ള നിർദേശങ്ങള് ഇന്ത്യയിലെയും വിദേശത്തെയും പാസ്പോർട്ട് വിതരണ അഥോറിറ്റികളെ അറിയിക്കും

പാസ്പോർട്ട് നിയമങ്ങളില് മുകളില് പറയുന്ന മാറ്റങ്ങള് കൊണ്ടുവരുന്നതിലൂടെ പാസ്പോർട്ട് ലഭിക്കുവാന് വേണ്ടി അപേക്ഷിക്കുന്ന പാസ്പോർട്ട് അപേക്ഷകർക്കുള്ള പ്രക്രിയകള് കൂടുതല് എളുപ്പമാകുമെന്ന് കേന്ദ്ര വിദേശ കാര്യ മന്ത്രാലയം പ്രതീക്ഷിക്കുന്നു. അതേ സമയം   ഈ മാറ്റങ്ങള്  സൌകര്യപ്രദമായ ചുറ്റുപാടുകളില്  പ്രതിബദ്ധതയുള്ള  വളരെ  പ്രോത്സാഹകവുമായ കര്മ സേനയുടെ സഹായത്താല്  സുസംഘടിതമായ  പ്രക്രിയയിലൂടെ  . പാസ്പോർട്ടുമായി ബന്ധപ്പെട്ട പ്രവർത്തികള് പൌരൻമാർക്ക് സമയബന്ധിതമായും, സുതാര്യമായും , കൂടുതല് എളുപ്പത്തിലും, വിശ്വസനീയമായ  രീതിയിലും  നല്കുവാന് ഈ മന്ത്രാലയത്തിന് തുടർന്നും സാധിക്കും .

ന്യൂഡെൽഹി
ഡിസംബര്  23, 2016